വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ

# പാദവാർഷിക മൂല്യനിർണയം 2017–18
# അടിസ്ഥാന പാഠാവലി

സമയം: 2 മണിക്കൂർ

സ്റ്റാൻഡേർഡ് – 5

**നിർദേശങ്ങൾ**

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് പതിനഞ്ചു മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ഏതെങ്കിലും അഞ്ചു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1**

പ്രകൃതിയെ ഒരു പാഠപുസ്തകമായി പ്രയോജനപ്പെടുത്താൻ കഴിയുംവിധം നമ്മുടെ വിദ്യാലയാന്തരീക്ഷം മാറിക്കൊണ്ടിരിക്കുകയാണല്ലോ? ഇതിലേക്കുള്ള അർഥപൂർണമായ ഒരു ചുവടുവെയ്പാണ് ഈ പരിസ്ഥിതി ദിനത്തിൽ നമ്മൾ തുടങ്ങിവച്ച ജൈവവൈവിധ്യ ഉദ്യാനം. ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചത് 'വൃക്ഷത്തെ സ്നേഹിച്ച ബാലൻ' എന്ന പാഠഭാഗത്തിലെ കേന്ദ്ര കഥാപാത്രമായ ബാലചന്ദ്രനാണെന്നു കരുതുക. അദ്ദേഹത്തിന് നന്ദി അറിയിച്ചുകൊണ്ട് ഒരു **കത്ത്** തയാറാക്കുക.

<u>സൂചനകൾ</u>

സ്ഥലം, തീയതി, സംബോധന തുടങ്ങി കത്തിന്റെ ഘടന പാലിക്കാൻ ശ്രദ്ധിക്കണം. കത്തിൽ എന്തൊക്കെയാവാം?

- ബാലചന്ദ്രൻ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങൾ
- ജൈവവൈവിധ്യ ഉദ്യാനം തയാറാക്കുന്നതിനുള്ള നിർദേശങ്ങൾ.
- പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം.

**പ്രവർത്തനം 2**

**2.1.** 'മതിലരികിൽ പൂത്തുലയുന്ന ചെമ്പരത്തികൾ, മുല്ലവള്ളികൾ. എന്തു രസമായിരുന്നു അവിടെ കളിച്ചു നടക്കാൻ! ഒരു പുലരിയിൽ അതിമനോഹരമായൊരു കിളിപ്പാട്ടുകേട്ട് എന്റെ ചേച്ചിയും ഞാനും അതിന്റെ ഉത്ഭവസ്ഥാനം തിരഞ്ഞുനടന്നു കണ്ടുപിടിച്ചു.'

(കിളിനോട്ടം – സുഗതകുമാരി)

ഇത്തരം അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാകുമല്ലോ? അവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു **അനുഭവക്കുറിപ്പ്** തയാറാക്കുക.

**2.2.** 'എത്ര മനോഹരമായിരുന്നു ആ കാഴ്ച!'

ആശ്ചര്യചിഹ്നം മാറ്റി ഇതൊരു സാധാരണവാക്യമാക്കി എഴുതുക.

**പ്രവർത്തനം 3**

**3.1.** "ആരല്ലെൻ ഗുരുനാഥ, രാരല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ!"

'എന്റെ വിദ്യാലയം' എന്ന കവിതയിലെ ഈ വരികൾ നമ്മോട് പറയുന്നതെന്താണ്? പ്രകൃതിയിലെ എല്ലാവരിൽ നിന്നും നമുക്ക് എന്തെങ്കിലുമൊക്കെ പഠിക്കാനുണ്ട് എന്നല്ലേ? **'പ്രപഞ്ചം തന്നെ വിദ്യാലയം'** എന്ന വിഷയത്തെ ആസ്പദമാക്കി ഒരു **ലഘു ഉപന്യാസം** തയാറാക്കുക.

**സൂചനകൾ**

- ജീവിതം ചെറുതാണെങ്കിലും മധുരതരമാണ്.
- പരസ്പരാശ്രിതത്വത്തിലാണ് ജീവന്റെ നിലനിൽപ്പ്.
- ജയപരാജയങ്ങൾ ജീവിതത്തിൽ സാധാരണമാണ്.

**3.2.** 'പരർതൻ കഷ്ടപ്പാടു പേറുമക്കല്ലത്താണി
പറവൂ മഹത്തത്ത്വം പരസേവനം കാര്യം' എന്ന വരികൾ സൂചിപ്പിക്കുന്ന ആശയം താഴെ കൊടുത്തിട്ടുള്ളതിൽ ഏതാണ് ?

- അന്യന്റെ കഷ്ടപ്പാടിന് താങ്ങാവുക.
- പ്രപഞ്ചം ഒരു വിദ്യാലയമാണ്.
- ജീവിതം സുഖദുഃഖ സമ്മിശ്രമാണ്.

**പ്രവർത്തനം 4**

**4.1.** "വല്യമ്മേ, വല്യച്ഛനോടു പറയണം, ആ ഇലവു മരം വെട്ടിക്കളയരുതെന്ന്."
"കുട്ടികൾ സംസാരിച്ചു തുടങ്ങുമ്പോൾ അമ്മമാർക്കുണ്ടാകുന്ന സന്തോഷമാണ്, അതിന് ഇലകൾ വന്നപ്പോൾ അവനുണ്ടായത്".

പ്രകൃതിയെ സ്നേഹത്തോടെയും ആരാധനയോടെയും നോക്കിക്കണ്ട ബാലചന്ദ്രനെ നിങ്ങൾക്കറിയാമല്ലോ. താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ബാലചന്ദ്രൻ എന്ന കഥാപാത്രത്തെക്കുറിച്ച് **നിരൂപണം** തയാറാക്കുക.

- ബാലചന്ദ്രന്റെ സ്വഭാവത്തിലെ സവിശേഷതകൾ.
- കഥയിലെ സ്ഥാനം.
- വൃക്ഷസ്നേഹികളായ മറ്റു വ്യക്തികളെക്കുറിച്ചുള്ള സൂചനകൾ.

**4.2.** മാതൃകപോലെ മാറ്റി എഴുതുക.

ചൂണ്ടിക്കാണിച്ചു - ചൂണ്ടി + കാണിച്ചു.

എന്തെങ്കിലും - ..................... + .....................

**പ്രവർത്തനം 5**

താഴെ കൊടുത്തിരിക്കുന്ന വരികളിലെ ആശയത്തിന്റെ വെളിച്ചത്തിൽ **'പരോപകാരമേ പുണ്യം'** എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ നടത്താനുള്ള ഒരു **പ്രസംഗം** തയാറാക്കുക.

"ഇറുപ്പവന്നും മലർ ഗന്ധമേകും
വെട്ടുന്നവന്നും തരു ചൂടകറ്റും
ഹനിപ്പവന്നും കിളി പാട്ടുപാടും
പരോപകാര പ്രവണം പ്രപഞ്ചം".

| |
|---|
| തരു - വൃക്ഷം |
| ഹനിപ്പവൻ - കൊല്ലുന്നവൻ |

(സുഖം സുഖം - ഉള്ളൂർ)

## പ്രവർത്തനം 6 – ആസ്വാദനക്കുറിപ്പ്

**പൂക്കാലം**

"പൂക്കുന്നിതാമുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ"

(പുഷ്പവാടി – കുമാരനാശാൻ)

| | |
|---|---|
| രവം | ശബ്ദം |
| വായ്ക്കുക | വർധിക്കുക |

കവിതയിൽ ആവിഷ്കരിച്ചിരിക്കുന്ന പ്രകൃതിഭംഗി, കവി ഉപയോഗിച്ചിരിക്കുന്ന സവിശേഷ പദങ്ങൾ, പ്രയോഗങ്ങൾ, മറ്റു പ്രത്യേകതകൾ ഇവയെല്ലാം ഉൾപ്പെടുത്തി ഈ കവിതയ്ക്ക് ഒരു **ആസ്വാദനക്കുറിപ്പു** തയാറാക്കുക.